**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4873** **20-03-2025 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ മണ്ഡലത്തിലെ സ്കൂളുകളുടെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ സർക്കാർ എൽ.പി.എസ്. കോട്ടക്കൽ, കുറ്റിപ്പുറം പഞ്ചായത്തിലെ ജി.എൽ.പി.എസ്. കുളക്കാട് എന്നീ സ്കൂളുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റും പ്രൊപ്പോസലും ലഭ്യമായിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | കോട്ടയ്ക്കൽ മണ്ഡലത്തിലെ സർക്കാർ ജി.എൽ.പി.എസ് കോട്ടയ്ക്കൽ സ്കൂളിന് 2 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും ടി പ്രവൃത്തിക്ക് ബഡ്ജറ്റ് പ്രൊവിഷൻ ഇല്ലാത്തതിനാൽ ഭരണാനുമതിക്കായി ഗവൺമെന്റിലേക്ക് ലഭ്യമാക്കിയിട്ടില്ല.<br>കുളക്കോട് ജി.എൽപി.എസ് കെട്ടിട നിർമ്മാണത്തിനായി 2 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി, ഭരണാനുമതിക്കായി CE/BL/PL3/MLPN/6115/ 2023_1_1 തീയതി 21/10/2024 കത്ത് പ്രകാരം, കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ, ഡയറക്ടർ, പൊതു വിദ്യാഭ്യാസ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | നടപ്പ് സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി പ്രസ്തുത സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിന് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക വകയിരുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ